education is free upto S.S.L.C. class in the State. Necessary orders may be issued to discontinue collection of tution fees in these 5 Anglo-Indian High Schools.

I have made representations in this matter to the D.P.I. and to the Government. If there is no provision to discontinue this practice in the Rules for Anglo-Indian Schools, necessary amendments may be made in the Rules as early as possible. At any rate, the students in these schools should not be paralised and their families made to suffer.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. ടി. എം. ജേക്കബ്) : സർ, ആംഗ്ലോ-ഇൻഡ്യൻ സ്കൂളുകളിൽ 1-4-1983 മുതലാണ് ഈ ഗവൺമെൻറ്, ഡയറക്ട് പേമെൻറ് സിസ്റ്റം ഏർപ്പെടുത്തിയത്. അദ്ദേഹം ഇവിടെ സൂചിപ്പിച്ച അഞ്ചു സ്കൂളുകളിൽ ഫീസ് കളക്ട് ചെയ്യുന്നുണ്ട്. ഇപ്പോഴും നിലവിലുള്ള ആംഗ്ലോ-ഇൻഡ്യൻ സ്കൂൾ നിയമമനുസരിച്ച് അങ്ങനെ ചെയ്യുന്നതിനുള്ള അവകാശം അവർക്കുണ്ട്. കെ. ഇ. ആർ. ൻെറ പരിമിതിയിൽ അവർ ആയിട്ടുമില്ല. അതിനുവേണ്ടിയുള്ള ശ്രമം നടത്തിയപ്പോൾ ചില സന്ദർഭവശാൽ അത് കോടതിയിൽ ചോദ്യം ചെയ്യുകയും അതിൻെറ പേരിൽ പ്രശ്നമുണ്ടാവുകയും ചെയ്തിട്ടുണ്ട്. ഏതായാലും ട്യൂഷൻ ഫീസ് കളക്ട് ചെയ്യുന്നതിൽനിന്നും കുട്ടികൾക്കുണ്ടായിരിക്കുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുവാൻ വേണ്ടിയുള്ള നടപടികൾ ഗവൺമെൻറ് സ്വീകരിച്ചുവരികയാണ്, മാനേജ്മെൻറുമായിട്ട് കൂടി സംസാരിച്ചതിനുശേഷം അതിൻെറ അന്തിമമായ തീരുമാനമെടുക്കുന്നതാണ്.

(5) ദൂരദർശൻ പരിപാടികളിൽ കേരളത്തോടു കാണിക്കുന്ന അവഗണന

ശ്രീ. എ. വി. താമരാക്ഷൻ : സർ, ദൂരദർശൻ പ്രക്ഷേപണം ചെയ്യുന്ന ദേശീയ പരിപാടികളിൽ കേരളത്തിലെ പരിപാടികൾ പൂർണ്ണമായും അവഗണിക്കപ്പെടുകയും അപമാനിക്കപ്പെടുകയുമാണ്. ഭാഷയുടെയും പ്രദേശത്തിൻെറയും പേരിൽ നമ്മുടെ രാജ്യമാകെ ഛിദ്രശക്തികൾ തലപൊക്കിയിരിക്കുന്ന ഈ കാലഘട്ടത്തിൽ ഇൻഡ്യയെ ഒന്നായിക്കണ്ടുകൊണ്ട് എല്ലാ ഭാഷകളെയും എല്ലാ പ്രദേശങ്ങളെയും സംസ്കാരത്തെയും സമന്വയിപ്പിച്ചു പ്രവർത്തിക്കുന്ന ഒന്നാണ് ദൂരദർശൻ. എന്നാൽ ദൂരദർശൻെറ ഭൂപടത്തിൽ കേരളമെന്നൊന്നില്ല. ഒരുദാഹരണം പറയാം, സ്വാതന്ത്ര്യദിനപ്രക്ഷേപണം നടന്ന അവസരത്തിൽ എല്ലാ സംസ്ഥാനങ്ങളുടെയും പരിപാടികൾ പ്രക്ഷേപണം ചെയ്തു. എന്നാൽ കേരളത്തിലെ പരിപാടി പ്രക്ഷേപണം ചെയ്തത് ഒൻപതു ദിവസം കഴിഞ്ഞാണ്. ജ്ഞാനപീഠം അവാർഡു നേടിയ വിശ്വസാഹിത്യകാരനായ ശ്രീ. തകഴിയെ പോലും അവർ അവഗണിക്കുകയുണ്ടായി. തിരുവനന്തപുരത്തു നിന്നും പ്രക്ഷേപണം ചെയ്യുന്ന പരിപാടികൾക്ക് ആകെ ഒരു മണിക്കൂറാണുള്ളത്. കടുവാക്കള്ളി കാണണമെങ്കിൽ തിരുവനന്തപുരം പ്രക്ഷേപണം കണ്ടാൽമതി. നമ്മുടെ ജനജീവിതം ചിത്രീകരിക്കാൻ ദൂരദർശന് കഴിയുന്നില്ല. നമ്മുടെ കലയും സംസ്കാരവും പോഷിപ്പിക്കുവാൻ കഴിയുന്നില്ല. സംസ്ഥാന ഗവൺമെൻറ് കേന്ദ്ര ഗവൺമെൻറിൽ സമ്മർദ്ദം ചെലുത്തി കേരളത്തോടുള്ള അവഗണന അവസാനിപ്പിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ) : സർ, ഈ പ്രശ്നം കേന്ദ്ര ഗവൺമെൻറിൻെറ ശ്രദ്ധയിൽ പെടുത്തുകയും കേന്ദ്രമന്ത്രിയുമായി ഇതിനെക്കുറിച്ച്

LIBRARY ARCHIVES Kerala Legislative Assembly

ചർച്ച ചെയ്യുകയും ചെയ്തിട്ടുണ്ട്. ഇപ്പോൾ കേരളത്തിന്റെ പതിനാല് കലാ-സാംസ്കാരിക പരിപാടികളും ഇതിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. എങ്കിലും നമുക്ക് നമ്മുടെ പരിപാടികൾക്കുവേണ്ടി കിട്ടുന്ന സമയം കുറവാണെന്നുള്ള കാര്യം നിർബന്ധപൂർവ്വം അവരെ അറിയിച്ചിട്ടുണ്ട്. അതിനിടയിൽ കേന്ദ്ര മന്ത്രി ഡയറക്ടർ ജനറലിനെ ഇവിടെ അയച്ചു. അദ്ദേഹവുമായി ഇതിനെക്കുറിച്ച് സംസാരിച്ചു. അവർക്ക് ഇവിടെ പരിപാടികൾ സംവിധാനം ചെയ്യുവാനുള്ള സൗകര്യക്കുറവുള്ളതുകൊണ്ട് സ്റ്റുഡിയോ ഗ്രൗണ്ടിൽ പരിപാടികൾ സംഘടിപ്പിക്കുന്നതിനും ഫിലിം ചെയ്യുന്നതിനുമുള്ള സൗകര്യങ്ങൾ ചെയ്തുകൊടുക്കാമെന്നുള്ള കരാറിൽ ഉടനെതന്നെ കേരളത്തിലെ പരിപാടികൾക്ക് സമയം വർദ്ധിപ്പിക്കാമെന്നും സമ്മതിച്ചിട്ടുണ്ട്. അതിനാവശ്യമായ നടപടികൾ ഗവൺമെൻറ് സ്വീകരിക്കുന്നതാണ്.

(6) ചന്ദ്രഗിരി പാലത്തിന്റെ പണിയോടനുബന്ധിച്ചുള്ള റോഡുകളുടെ നിർമ്മാണം

ശ്രീ. സി.ടി. അഹമ്മദ് അലി : സർ, മൂന്ന് മാസം മുമ്പ് പണിയാരംഭിച്ച ചന്ദ്രഗിരിപാലം അടുത്ത മേയ് മാസത്തോടുകൂടി അതിന്റെ പണി പൂർത്തിയാകാൻ പോവുകയാണ്. ഇരുപത്തിയഞ്ച് വർഷത്തിനുമുമ്പ് സർവ്വേ പൂർത്തിയാക്കിയതും വളരെയേറെ വിദേശനാണ്യം ലഭിക്കാനിടയുള്ളതും പന്ത്രണ്ട് കിലോമീറ്റർ ദൂരം കുറയ്ക്കുന്നതുമായ പാലമാണിത്. നാഷണൽ ഹൈവേയായി പഴയ റോഡും പാലവും നിലനിറുത്തുവാനുള്ള ശ്രമമാണ് ഇപ്പോൾ നടത്തിവരുന്നത്. കാസർകോട്കാരെ സംബന്ധിച്ചിടത്തോളം ആ പാലവുമായി ബന്ധിപ്പിക്കുന്ന ചെമ്മനാട്, ചെളിയംകോട്, മേൽപ്പറമ്പ് വഴിയുള്ള രണ്ടര കിലോമീറ്റർ റോഡ് നിർമ്മിക്കുവാനുള്ള ഗവൺമെൻറിന്റെ നടപടികൾ സ്തംഭനാവസ്ഥയിലിരിക്കുകയാണ്. അവിടത്തെ ജനങ്ങളിൽ ഇത് ഒരു വലിയ ഉൽക്കണ്ഠ ഉളവാക്കിയിരിക്കുകയാണ്. അവർ അതിനെതിരായി ഒരു സമരത്തിനൊരുങ്ങി നിൽക്കുകയാണ്. പാലം പൂർത്തിയാക്കുന്നതോടുകൂടി നാഷണൽ ഹൈവേയായി അംഗീകരിക്കണം. ഫ്രീയായിട്ട് ലാൻറ് നൽകണമെന്നാണ് ഇപ്പോൾ ഡിപ്പാർട്ടുമെൻറ് നിർദ്ദേശം നൽകിയിരിക്കുന്നത്. പ്രസ്തുത റോഡും പാലവും നാഷണൽ ഹൈവേ സ്കീമിൽപ്പെടുത്തി ആവശ്യമായ കോമ്പൻസേഷൻ നൽകിക്കൊണ്ട് റോഡുനിർമ്മാണം ആരംഭിക്കുവാനുള്ള അടിയന്തിര നടപടികളെടുക്കണം. വളപട്ടണം പാലത്തിന് ലഭിക്കുന്ന അതേ കളക്ഷൻ തന്നെ ഈ പാലത്തിനും ടോൾ വഴി ലഭിക്കും. അതുകൊണ്ട് വലിയ ഒരു ദേശീയ നഷ്ടം ഒഴിവാക്കാൻ കഴിയും. പ്രസ്തുത പാലവും റോഡും നാഷണൽ ഹൈവേയിൽ പെടുത്തി ഈ പാലത്തിന്റെയും റോഡിന്റെയും പണി ഉടനെ പൂർത്തിയാക്കുവാനുള്ള നടപടികൾ സ്വീകരിക്കണമെന്ന് ബഹുമാനപ്പെട്ട ഉപമുഖ്യമന്ത്രിയോട് ഞാൻ അഭ്യർത്ഥിക്കുകയാണ്.

ഉപമുഖ്യമന്ത്രി (ശ്രീ. കെ. അവുക്കാദർ കുട്ടിനഹ) : സർ, ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ പാലം പുതിയ പാലമാണ്. അതിന്റെ പണി മിക്കവാറും പൂർത്തിയാകാറായിരിക്കുകയാണ്. അതിനാവശ്യമായ അപ്രോച്ച് റോഡ് ഇപ്പോൾ നിലവിലുണ്ട്. റോഡുമായി ബന്ധിപ്പിക്കുന്ന അപ്രോച്ച് റോഡ് വേണമെന്നുള്ളതാണ് ഇപ്പോഴത്തെ ആവശ്യം. അതിനാവശ്യമായ സ്ഥലം പൊന്നുംവിലയ്ക്ക് എടുക്കാതെ ഫ്രീയായി തരാൻ സാധിക്കുമോ എന്നുള്ള ഗവൺമെൻറിന്റെ ചോദ്യം നിലവിലിരിക്കുകയാണ്. അതിന് ശരിയായ മറുപടി കിട്ടിയതിനു ശേഷം അന്തിമമായ തീരുമാനമെടുക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly